# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 7909

16.07.2014 ൽ മറുപടിയ്ക്ക്

## മൂലധന പര്യാപ്തത കൈവരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. എം. ഹംസ<br>ശ്രീ. കെ.കെ. നാരായണൻ<br>ശ്രീ. കെ. ദാസൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ദേശസാൽകൃത ബാങ്കുകൾക്ക് കേന്ദ്ര സർക്കാർ നൽകുന്ന ക്യാപ്പിറ്റൽ സപ്പോർട്ട് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്കും ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (ബി) ഇല്ലെങ്കിൽ 2015 മാർച്ച് 31 ന് മുമ്പ് ഏഴര ശതമാനം മൂലധന പര്യാപ്തത കൈവരിക്കണമെന്ന റിസർവ് ബാങ്ക് നിർദ്ദേശം പാലിക്കുന്നതിന് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്ക് സാധിക്കുമെന്ന് കരുതുന്നുണ്ടോ; | (ബി) 2015 മാർച്ച് 31 ന് മുമ്പ് ഏഴ് ശതമാനം മൂലധന പര്യാപ്തത കൈവരിക്കുന്നതിനായി ബാങ്കിന്റെ കുടിശ്ശിക പരമാവധി ഈടാക്കി NPA കുറച്ച് ലാഭക്ഷമത കൈവരിക്കുക, അംഗസംഘങ്ങളിൽ നിന്നും അധിക ഓഹരി മൂലധനം സമാഹരിക്കുക, എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അംഗങ്ങൾ വിവിധ ആവശ്യങ്ങൾക്കായി എടുക്കുന്ന വായ്പയുടെ ഓഹരി അനുപാതം 2% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. മൂലധനം സ്വരൂപിക്കുന്നതോടൊപ്പം മൂലധന പര്യാപ്തത നേടുന്നതിന് RBI യുടെ സർക്കുലർ നിർദ്ദേശപ്രകാരം |

Long Term Sub-ordinate Deposit Scheme, Innovative Perpetual Debt Instrument വിതരണം ചെയ്ത് രജിസ്ട്രാറുടെ അനുമതിയോടുകൂടി Tier 1, Tier 2 മൂലധനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും, നിക്ഷേപം നടത്തുകയോ, വായ്പ എടുക്കുകയോ ചെയ്യുന്ന വ്യക്തികളിൽ നിന്ന് നോമിനൽ ഓഹരിയായും അധിക മൂലധനം സ്വരൂപിച്ചും മൂലധന പര്യാപ്തത കൈവരിക്കാൻ സാധിക്കുമെന്ന് കരുതുന്നു.

(സി) നിലവിൽ സംസ്ഥാനത്തെ സഹകരണ ബാങ്കിന്റെയും പതിനാല് ജില്ലാ സഹകരണ ബാങ്കുകളുടെയും മൂലധന പര്യാപ്തത എത്ര ശതമാനം വീതമാണ്;

(സി) നിലവിൽ സംസ്ഥാനത്തെ സഹകരണ ബാങ്കിന്റെയും പതിനാല് ജില്ലാ സഹകരണ ബാങ്കുകളുടെയും മൂലധന പര്യാപ്തത താൽക്കാലിക ബാക്കി പത്രപ്രകാരം ചുവടെ ചേർക്കും പ്രകാരമാണ്.

| നം. | ബാങ്കിന്റെ പേര് | 31.03.2014 ലെ മൂലധന പര്യാപ്തത (ശതമാനത്തിൽ) |
|---|---|---|
| 1 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 4.21 |
| 2 | ജില്ലാ സഹകരണ ബാങ്ക്, തിരുവനന്തപുരം | 4.60 |
| 3 | ജില്ലാ സഹകരണ ബാങ്ക്, കൊല്ലം | 5.50 |
| 4 | ജില്ലാ സഹകരണ ബാങ്ക്, ആലപ്പുഴ | 6.47 |
| 5 | ജില്ലാ സഹകരണ ബാങ്ക്, പത്തനംതിട്ട | 4.76 |
| 6 | ജില്ലാ സഹകരണ ബാങ്ക്, കോട്ടയം | 5.50 |
| 7 | ജില്ലാ സഹകരണ ബാങ്ക്, ഇടുക്കി | 7.62 |
| 8 | ജില്ലാ സഹകരണ ബാങ്ക്, എറണാകുളം | 7.05 |
| 9 | ജില്ലാ സഹകരണ ബാങ്ക്, തൃശ്ശൂർ | 5.36 |
| 10 | ജില്ലാ സഹകരണ ബാങ്ക്, പാലക്കാട് | 5.20 |

| | | |
|---|---|---|
| 11 | ജില്ലാ സഹകരണ ബാങ്ക്, മലപ്പുറം | 7.40 |
| 12 | ജില്ലാ സഹകരണ ബാങ്ക്, കോഴിക്കോട് | 9.02 |
| 13 | ജില്ലാ സഹകരണ ബാങ്ക്, വയനാട് | 5.63 |
| 14 | ജില്ലാ സഹകരണ ബാങ്ക്, കണ്ണൂർ | 5.77 |
| 15 | ജില്ലാ സഹകരണ ബാങ്ക്, കാസറഗോഡ് | 5.07 |

(ഡി) നിലവിലെ മൂലധന പര്യാപ്തത നേടുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകിയിരുന്നതെന്നും സർക്കാർ നൽകിയ സഹായം ഏതെല്ലാം സാമ്പത്തിക വർഷങ്ങളിലായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) മൂലധന പര്യാപ്തത കൈവരിക്കുന്നതിന് സംസ്ഥാന സഹകരണ ബാങ്കിന് 2010-11 വർഷങ്ങളിൽ 150 കോടി രൂപയുടെയും, 2011-12 ൽ 136 കോടി രൂപയുടെയും ഓഹരി മൂലധനം സർക്കാരിൽ നിന്ന് ലഭ്യമാക്കിയിട്ടുണ്ട്. 2012-13 വർഷം, കോട്ടയം ജില്ലാ സഹകരണ ബാങ്കിന് 11 കോടി രൂപയും ഈയിനത്തിൽ നൽകിയിട്ടുണ്ട്.

(ഇ) 2013-14 സാമ്പത്തിക വർഷം അനുവദിച്ച് ഉത്തരവിറക്കിയ 199.50 കോടി രൂപയുടെ മൂലധന സഹായം നാളിതുവരെ കൊടുത്തു തീർക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(ഇ) 2013-14 സാമ്പത്തിക വർഷം അനുവദിച്ച് ഉത്തരവായ 199.50 കോടി രൂപ നൽകിയിട്ടില്ല. അനുവദിച്ച തുകയ്ക്ക് തുല്യമായ തുക സംസ്ഥാന ട്രഷറിയിൽ പ്രത്യേക സഹകരണ ബാങ്ക് നിക്ഷേപ പദ്ധതിയിൽ നിക്ഷേപിക്കണമെന്ന വ്യവസ്ഥ പാലിക്കാത്തതു കാരണമാണ് തുക അനുവദിക്കാൻ കഴിയാത്തത്.

സെക്ഷൻ ഓഫീസർ